ഉത്തരം

(എ) സംസ്ഥാനത്ത് താഴെ പറയുന്ന ഹൈസ്ക്കൂളുകളിൽ ഹെഡ് മാസ്റ്റർമാരില്ല

1. ഏലൂർ ഹൈസ്ക്കൂൾ, എറണാകുളം
2. ഇടത്തല ഹൈസ്ക്കൂൾ, എറണാകുളം
3. മേഴത്തൂർ ഹൈസ്ക്കൂൾ, പാലക്കാട്
4. എരിമയൂർ ഹൈസ്ക്കൂൾ, പാലക്കാട്
5. വണ്ടാഴി ഹൈസ്ക്കൂൾ, പാലക്കാട്
6. കാട്ടിലങ്ങാടി ഹൈസ്ക്കൂൾ, മലപ്പുറം
7. കുട്ടമത്ത് ഹൈസ്ക്കൂൾ, കാസർഗോഡ്

(ബി) ഈ സ്ക്കൂളുകളിൽ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർമാരുടെ തസ്തികകൾ അനുവദിക്കപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. തസ്തികകൾ അനുവദിക്കുന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലാണ്.

ഒറ്റപ്പാലത്തുള്ള ബധിര, മൂക വിദ്യാലയം

1429. [2030] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലത്തുള്ള ബധിര, മൂക വിദ്യാലയത്തിൽ എത്ര കുട്ടികൾ ഉണ്ട് ;

(ബി) ഈ വിദ്യാലയത്തിൽ എത്ര കുട്ടികൾക്ക് പ്രവേശനം കിട്ടാതായി ഈ വർഷം വെയിറ്റിംഗ് ലിസ്റ്റിൽ ഉണ്ട് ;

(സി) മലബാറിൽ ആകെയുള്ള ഈ വിദ്യാലയം ഒരു ഹൈസ്ക്കൂളാക്കി ഉയർത്താത്തതിന്റെ കാരണമെന്താണ് ;

(ഡി) ഈ വിദ്യാലയത്തിലെ ബോർഡിംഗിന് ഒരു കുട്ടിക്ക് അനുവദിക്കുന്ന സംഖ്യ എത്രയാണ് ;

(ഇ) ഈ സംഖ്യ എന്നാണ് നിശ്ചയിച്ചത് ;

(എഫ്) സാധനങ്ങളുടെ വില കൂടിയതനുസരിച്ച് സംഖ്യ വർദ്ധിപ്പിക്കാൻ നടപടി എടുക്കുമോ ;

(ജി) വർദ്ധിച്ചു വരുന്ന പ്രവേശന തിരക്ക് കണക്കിലെടുത്ത് ഈ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാമോ ?

ഉത്തരം

(എ) 106.

(ബി) 91.

(സി) തിരുവനന്തപുരത്തുള്ള സർക്കാർ അന്ധബധിര-മൂക വിദ്യാലയം മാത്രമേ ഹൈസ്ക്കൂളാക്കി ഉയർത്തിയിട്ടുള്ളൂ. മറൊരു സ്ഥാപനവും ഹൈസ്ക്കൂളാക്കി ഉയർത്തിയിട്ടില്ല. ഈ സ്ഥാപനവും ആ കൂട്ടത്തിൽപ്പെടുന്നു.

(ഡി) ബോർഡിംഗ് അലവൻസായി ഒരു കുട്ടിക്ക് പ്രതിമാസം 150 രൂപ അനുവദിക്കുന്നു.

(ഇ) 10-1-1983-ൽ.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ബോർഡിംഗ് അലവൻസ് 1983-ൽ ഉയർത്തിയ സാഹചര്യത്തിൽ ഉടനടി വർദ്ധനവ് അനുവദിക്കുവാൻ നിർവ്വാഹമില്ല.

(ജി) 1985-86 സ്ക്കൂൾ വർഷം മുതൽ 15 കുട്ടികൾക്കുകൂടി സൗജന്യ വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിച്ചിട്ടുണ്ട്.

തൊഴിലധിഷ്ഠിത കോഴ്സുകൾ

1430. [2031] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത വർഷം സംസ്ഥാനത്ത് എത്ര സ്ക്കൂളുകളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങുവാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത് ;

(ബി) ഏതെല്ലാം സ്ക്കൂളുകളിൽ ?

ഉത്തരം

(എ) തീരുമാനം എടുത്തിട്ടില്ല.

(ബി) തീരുമാനിച്ചു കഴിഞ്ഞിട്ടില്ല.

ഷീറ്റ് മെറ്റൽ അറ്റൻഡർ തസ്തികയിലേക്കുള്ള നിയമനം

1431 [2032] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ പോളിടെക്നിക്കിലും മഞ്ചേരി ജെ. ടി. എസ്സിലും ഉള്ള ഷീറ്റ് മെറ്റൽ അറ്റൻഡർ തസ്തികയിലേക്ക് നിയമനം നടത്താത്തതുമൂലം വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തസ്തികയിലേക്ക് മലപ്പുറം പി. എസ്. സി. തയ്യാറാക്കിയ ലിസ്റ്റിന്റെ കാലാവധി കഴിയും മുമ്പേ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഈ കാര്യത്തിൽ വിദ്യാർത്ഥികൾക്ക് എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി പരാതിയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത തസ്തികയിലേക്ക് പി. എസ്. സി. യുടെ മലപ്പുറം ജില്ലാ ആഫീസ് തയ്യാറാക്കിയ ലിസ്റ്റിന്റെ കാലാവധി കഴിയും മുമ്പേ നിയമനം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

Polytechnical School

1432. [2033] **Dr. A. Subba Rao:** Will the Education Minister be pleased to state:

(a) whether the Government will sanction a Polytechnic to Kasargode District;

(b) if so, whether the Government will start Kannada Parallel classess

LIBRARY ARCHIVES Kerala Legislative Assembly